പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4199 | 03-02-2014-ൽ മറുപടിക്ക്

**കുടിവെള്ള സ്രോതസുകളും ജലവിതരണക്കുഴലുകളും മലിനമാകാതിരിക്കുവാൻ ആലത്തൂർ മണ്ഡലത്തിൽ സ്വീകരിച്ചിട്ടുള്ള പദ്ധതി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. ചന്ദ്രൻ | | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയിലൂടെ വിതരണംചെയ്യുന്ന കുടിവെള്ളം കൃത്യമായ ഇടവേളകളിൽ പരിശോധിക്കാറുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | 2013 വർഷത്തിൽ ആലത്തൂർ നിയോജകമണ്ഡലത്തിലെ എത്ര പഞ്ചായത്തുകളിൽ ഇത്തരം പരിശോധനകൾ നടത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; | (ബി) | ആലത്തൂർ നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന കേരള വാട്ടർ അതോറിറ്റിയുടെ ആക്സിലറേറ്റഡ് റൂറൽ വാട്ടർ സപ്ലൈ സ്കീം (എ.ആർ.ഡബ്ല്യൂ.എസ്.എസ്.) - കുഴൽമന്ദം, എ.ആർ.ഡബ്ല്യൂ.എസ്.എസ്. - കിഴക്കഞ്ചേരി, എ.ആർ.ഡബ്ല്യൂ.എസ്.എസ്.- തേൻകുറിശ്ശി, കോംപ്രിഹെൻസീവ് വാട്ടർ സപ്ലൈ സ്കീം (സി.ഡബ്ല്യൂ.എസ്.എസ്.)- നെന്മാറ, അയിലൂർ, മേലാർ കോട് ആർ.ഡബ്ല്യൂ. എസ്.എസ്. - മഞ്ഞളൂർ എന്നീ ശുദ്ധജലവിതരണ പദ്ധതികളിലെ വെള്ളം കാറ്റഗറി അനുസരിച്ച് കൃത്യമായ ഇടവേളകളിൽ പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്.<br>2013 -ൽ നടത്തിയ പരിശോധനകളുടെ വിശദവിവരങ്ങൾ<br>1) എ.ആർ.ഡബ്ല്യൂ.എസ്.എസ്. - കുഴൽമന്ദം - 4 പ്രാവശ്യം. |

2) എ.ആർ.ഡബ്ല്യു.എസ്.എസ്. നെന്മാറ-മേലാർ കോടി ലേയ്ക്ക് നെന്മാറ പ്ലാന്റിൽ നിന്നും വിതരണം ചെയ്യുന്ന വെള്ളം - 4 പ്രാവശ്യം.
3) എ.ആർ.ഡബ്ല്യു.എസ്.എസ്. - കിഴക്കഞ്ചേരി - 2 പ്രാവശ്യം.
4) എ.ആർ.ഡബ്ല്യു.എസ്.എസ്.-തേൻകുറിശ്ശി - 2 പ്രാവശ്യം
5) ആർ.ഡബ്ല്യു.എസ്.എസ്. മഞ്ഞളൂർ - 1 പ്രാവശ്യം.
ഇത് സംബന്ധിച്ച് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(സി) മണ്ഡലത്തിൽ മലിനജലം വിതരണം ചെയ്യുന്നതായ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ;

(സി) ഇല്ല.

(ഡി) കുടിവെള്ള സ്രോതസ്സുകളും ജലവിതരണ കുഴലുകളും മലിനമാകാതിരിക്കുവാൻ എന്തെല്ലാം നടപടികളാണ് ആലത്തൂർ മണ്ഡലത്തിൽ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(ഡി) കുടിവെള്ള പൈപ്പ് ലൈൻ അറ്റകുറ്റ പണികൾ ചെയ്യുക, കാലാകാലങ്ങളിൽ സ്കവർ വാൽവുകൾ തുറന്ന് മാലിന്യവിമുക്തമാക്കുക, വിതരണം ചെയ്യുന്ന ശുദ്ധജലം അണുവിമുക്തമാക്കുവാൻ ബ്ലീച്ചിംഗ് പൗഡർ ലായനി ഉപയോഗിക്കുക തുടങ്ങിയ നടപടികളാണ് ആലത്തൂർ മണ്ഡലത്തിൽ സ്വീകരിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ